**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 709** **09-06-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **Shri Saji Cherian (മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ടൗട്ടേ ചുഴലിക്കാറ്റിന്റെ ഭാഗമായുണ്ടായ പേമാരിയും കടലേറ്റവും കാരണവും വൻനാശം വിതച്ച യാസ് ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലും സംസ്ഥാനത്തെ തീരമേഖലയിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ചുവോ; | (എ) | സംഭവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എപ്രകാരമുള്ള നാശനഷ്ടങ്ങളാണ് സംഭവിച്ചതെന്നും എത്ര തുകയുടെ നഷ്ടം വന്നുവെന്നും എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും വ്യക്തമാക്കുമോ; | (ബി) | ഇക്കഴിഞ്ഞ ടൗട്ടെ ചുഴലിക്കാറ്റിലും കടൽ ക്ഷോഭത്തിലും തീരപ്രദേശത്ത് ഒരുപാട് നാശനഷ്ടം സംഭവിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പ് ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം 186 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പൂർണ്ണമായും തകരുകയും 2432 വീടുകൾ ഭാഗികമായി തകരുകയും ചെയ്തു. 3000ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റി. വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം നൽകുന്നത്. ഇത് കൂടാതെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കും വലകൾക്കും മത്സ്യകൃഷിയിടങ്ങൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടം എസ്.ഡി.ആർ.എഫ് മാനദണ്ഡപ്രകാരം കണക്കാക്കുകയും ആയത് 140.90 ലക്ഷം രൂപയാണെന്ന് കണക്കാക്കി പ്രൊപ്പോസൽ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ നൂതന മത്സ്യ കൃഷി രീതികളായ ബയോ ഫ്ലോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കേജ് ഫാമിംങ്, പടുതയിലെ മത്സ്യകൃഷി എന്നിവയുടെ നഷ്ടപരിഹാരത്തിനുള്ള 398.58 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് തീരമേഖലയിലെ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു; അവർക്ക് എന്തൊക്കെ സഹായങ്ങൾ സർക്കാർ നൽകിയെന്നും ആയതിന് | (സി) | ഇക്കഴിഞ്ഞ ടൗട്ടെ ചുഴലിക്കാറ്റിലും കടൽ ക്ഷോഭത്തിലും തീരപ്രദേശത്ത് ഒരുപാട് നാശനഷ്ടം സംഭവിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പ് ശേഖരിച്ച |

| | | | |
|---|---|---|---|
| | എത്ര കോടി രൂപ ചെലവായി എന്നും വ്യക്തമാക്കാമോ; | | പ്രാഥമിക കണക്കുകൾ പ്രകാരം 186 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പൂർണ്ണമായും തകരുകയും 2432 വീടുകൾ ഭാഗികമായി തകരുകയും ചെയ്തു. 3000ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റി. വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം നൽകുന്നത്. ഇത് കൂടാതെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കും വലകൾക്കും മത്സ്യകൃഷിയിടങ്ങൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടം എസ്.ഡി.ആർ.എഫ് മാനദണ്ഡപ്രകാരം കണക്കാക്കുകയും ആയത് 140.90 ലക്ഷം രൂപയാണെന്ന് കണക്കാക്കി പ്രൊപ്പോസൽ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ നൂതന മത്സ്യ കൃഷി രീതികളായ ബയോ ഫ്ലോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കേജ് ഫാമിംങ്, പടുതയിലെ മത്സ്യകൃഷി എന്നിവയുടെ നഷ്ടപരിഹാരത്തിനുള്ള 398.58 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (ഡി) | മുൻ സർക്കാരിന്റെ പദ്ധതികളിലൊന്നായ കടലോരത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; ഇതിനായി എത്ര കോടി രൂപ നീക്കി വച്ചിട്ടുണ്ട്; എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ഡി) | തീരദേശ മേഖലയിലെ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതുമായ എല്ലാ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടിരൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പാക്കി വരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായി പുനരധിവസിപ്പി ക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകും. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിന് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഭൂമി കണ്ടെത്തി ഫ്ലാറ്റ് സമുച്ചയ നിർമ്മാണ പദ്ധതിയും വിഭാവനം ചെയ്യുന്നു. തീരദേശത്ത് നിന്നും മാറി താമസിക്കുന്നതിന് തയ്യാറായ കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി DLAC അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 03.06.2021 വരെ 2014 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പുനർഗേഹം പദ്ധതി തുടർന്നും നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | തീരദേശ മേഖലയിലെ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതുമായ എല്ലാ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടിരൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പാക്കി വരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായി പുനരധിവസിപ്പി ക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകും. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിന് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഭൂമി കണ്ടെത്തി ഫ്ലാറ്റ് സമുച്ചയ നിർമ്മാണ പദ്ധതിയും വിഭാവനം ചെയ്യുന്നു. തീരദേശത്ത് നിന്നും മാറി താമസിക്കുന്നതിന് തയ്യാറായ കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി DLAC അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 03.06.2021 വരെ 2014 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ